**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1445 14/06/2013-ൽ മറുപടിയ്ക്ക്

## നാളികേരക്കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ)) സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കേര കർഷകരെ സംരക്ഷിക്കുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | എ) നാളികേര കൃഷിയിൽ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2013-14 വർഷത്തിൽ സംസ്ഥാനത്തെ 7 ജില്ലകളിൽ 545 ക്ലസ്റ്ററുകളിലൂടെ 13631 ഹെക്ടറിൽ പുതുതായി ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2012-13 -ൽ ഒന്നാം വർഷ പരിചരണ മുറകൾ നടത്തിയ 19600 ഹെക്ടറിൽ രണ്ടാം വർഷവും ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിക്കുന്നതാണ്. ഇവയ്ക്കായി 4169.025 ലക്ഷം രൂപ ജില്ലകൾക്കായി അനുവദിച്ചു കഴിഞ്ഞു. എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>തെങ്ങിൻ തോട്ടത്തിലെ ഇടയിളക്കൽ, തെങ്ങിൻതടം വൃത്തിയാക്കൽ, ശാസ്ത്രീയ വളപ്രയോഗവും സസ്യസംരക്ഷണവും, ജലസേചന സൗകര്യമൊരുക്കൽ, ഉത്പാദന ക്ഷമത കുറഞ്ഞതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റുകയും ഗുണമേന്മയുള്ള പുതിയ തൈ നട്ടു പിടിപ്പിക്കുക എന്നിവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. നാളികേര കർഷകരെ ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിക്കാൻ പ്രാപ്തരാക്കുന്നതോടൊപ്പം മറ്റു കർഷകർക്ക് ഇതു മനസ്സിലാക്കി സ്വന്തം കൃഷിയിടത്തിൽ ഇവ പ്രയോഗത്തിൽ വരുത്താനും ഈ പദ്ധതിയിലൂടെ കഴിയുന്നു. |

നാളികേര വികസന ബോർഡ് കൃഷി വകുപ്പുമായി സംയോജിച്ച് നടത്തുന്ന പദ്ധതിയാണ് തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി. 2009-2010-ൽ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ച ഈ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. രോഗം ബാധി ച്ചതും ഉത്പ്പാദന ക്ഷമത കുറഞ്ഞതും ആയ തെങ്ങുകൾ മുറിച്ചുമാറ്റി പകരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുകയും മറ്റുള്ള തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണം നൽകി ഉല്പാദനവും, ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിലായി ഒരു പൈലറ്റ് പ്രോജക്ടായി 2009-10-ൽ ആരംഭിച്ച പദ്ധതി മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു.

2009-10-ൽ ആരംഭിച്ച പദ്ധതി മൂന്നാം ഘട്ടം താഴെ പറയുന്ന ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നത്.

<u>തിരുവനന്തപുരം</u> - പാറശ്ശാല, ആര്യങ്കോട്, നെയ്യാറ്റിൻകര.

<u>കൊല്ലം</u> - പുനലൂർ, ചടയമംഗലം, വെട്ടിക്കവല, അഞ്ചൽ.

**<u>തൃശ്ശൂർ</u>** - വടക്കാഞ്ചേരി, പഴയന്നൂർ, ചാവക്കാട്, ചൊവ്വന്നൂർ, മുല്ലശ്ശേരി, അന്തിക്കാട്, പുഴയ്ക്കൽ

സംസ്ഥാനത്തെ മൂന്നു ജില്ലകളിലായി ഇതുവരെ 13,72,975 എണ്ണം രോഗം ബാധിച്ചതും കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുകയും 105817.7 ഹെക്ടർ സ്ഥലത്തെ തെങ്ങുകൃഷി പുനരുദ്ധാരണം നടത്തുകയും 329919 എണ്ണം തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുകയും ചെയ്തു. ഇവയ്ക്കായി 11894.974 ലക്ഷം രൂപ ചെലവഴിച്ചു.

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്ത് നാളികേര ബയോപാർക്കുകൾ ആരംഭിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അത് എവിടെയെല്ലാമാണെന്നും പദ്ധതിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | ബി) | ഉണ്ട്.<br>1. ദക്ഷിണ കേരളത്തിൽ കൊല്ലം ജില്ലയിൽ ജില്ലാ കൃഷിത്തോട്ടം, അഞ്ചൽ.<br>2. മദ്ധ്യ കേരളത്തിൽ - തൃശ്ശൂർ ജില്ലയിലെ ചേലക്കര ഫാം.<br>3. ഉത്തര കേരളത്തിൽ, കണ്ണൂർ ജില്ലയിലെ ആറളം ഫാം.<br>നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഒരു കേന്ദ്രീകൃത മേഖലയിൽ നിന്നുല്പാദിപ്പിച്ച് വിപണനം നടത്തുകയാണ് ബയോപാർക്കിലൂടെ സാദ്ധ്യമാകുന്നത്. കൊപ്രയിലും, വെളിച്ചെണ്ണയിലും മാത്രമായി നാളികേര സംസ്ക്കരണം കേന്ദ്രീകരിക്കാതെ ദേശീയ പാനീയമായി പ്രഖ്യാപിച്ച ഇളനീരും മറ്റു ഉല്പ്പന്ന വൈവിദ്ധ്യവൽക്കരണവും മൂല്യ വർദ്ധിത ഉല്പന്നങ്ങളായ ഡസ്സിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് ക്രീം, കോക്കനട്ട് ചിപ്സ്, സ്പ്രേ ഡ്രൈഡ് മിൽക്ക് പൗഡർ, വെർജിൻ വെളിച്ചെണ്ണ പായ്ക്ക് ചെയ്ത ഇളനീർ, നാളികേര വിനാഗിരി, തൂൾ തേങ്ങ തുടങ്ങിയ പ്രവർത്തനങ്ങൾ ബയോപാർക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | നാളികേര ബയോപാർക്കുകൾ ഈ സാമ്പത്തികവർഷം തന്നെ തുടങ്ങുവാൻ സമയബന്ധിതമായ നടപടികൾ സ്വീകരി ക്കുമോ? | സി) | ഈ സാമ്പത്തിക വർഷം തന്നെ നാളികേര ബയോപാർക്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ